2003-04	4430.00
2004-05	4852.03
2005-06	5369.00

(ബി)

വർഷം	അംഗീകരിച്ച പദ്ധതി വിഹിതം	പുതുക്കിയ പദ്ധതി വിഹിതം	കുറവ് വരുത്തിയ തുക	കുറവ് വരുത്തിയ ശതമാനം
2001-02	3015.00	2260.00	755	25
2002-03	4026.00	3425.00	601	15
2003-04	4430.00	3796.23	634	14
2004-05	4852.03	3913.57	938	19
2005-06	5369.00	----	---	—

പദ്ധതി അടങ്കലിൽ വരുത്തിയ വെട്ടിക്കുറവ് മേഖലാടിസ്ഥാനത്തിലായിരുന്നു. ഓരോ മേഖലയിലും വരുത്തിയ കുറവ് മേഖല തിരിച്ച് അനുബന്ധം-1ൽ കണ്ടാലും.†

(സി) *(തുക കോടിയിൽ)*

വർഷം	അംഗീകരിച്ച പദ്ധതി വിഹിതം	ചെലവ്	ചെലവ് ശതമാനം
2001-02	3015.00	2531.00	84
2002-03	4026.00	3944.00	98
2003-04	4430.00	3618.00	82
2004-05	4852.03	3910.84	81
2005-06	5369.00	വിവരം ശേഖരിച്ചു വരുന്നു	വിവരം ശേഖരിച്ചു വരുന്നു

പുതിയ വികസന പദ്ധതികൾക്ക് അനുവദിച്ച തുക

11(1287) ശ്രീ. ടി. എം. ജേക്കബ്:

ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 സെപ്റ്റംബറിനു ശേഷം സംസ്ഥാനത്തെ ഏതെല്ലാം പുതിയ വികസന പദ്ധതികൾക്ക് ധനകാര്യ വകുപ്പ് പണം അനുവദിച്ചു എന്ന് അറിയിക്കുമോ;

(ബി) ഓരോ പുതിയ പദ്ധതികൾക്കും അനുവദിച്ച തുക വ്യക്തമാക്കാമോ;

†അനുബന്ധം-I

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ തുക എത്ര കാലം കൊണ്ട് വിനിയോഗിക്കണമെന്നായിരുന്നു നിർദ്ദേശം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) 2004 സെപ്റ്റംബറിനുശേഷം പണം അനുവദിക്കപ്പെട്ട പ്രധാനപ്പെട്ട പുതിയ വികസന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

(രൂപ കോടിയിൽ)

സുരക്ഷാ ഭവന പദ്ധതി	5.00
കൊച്ചി നഗരത്തിലെ മെട്രോ റെയിലിന്റെ സാദ്ധ്യതാ പഠനം	0.75
ശബരിമല ക്ഷേത്രത്തിന്റെ വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ	0.30
കോട്ടയം, തൃശ്ശൂർ ജില്ലകളിൽ ക്ഷീരോല്പാദന ഗുണനിലവാരവും പരിശുദ്ധിയും ഉറപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ	0.58
വിഷൻ 2010 പദ്ധതി	40.00
കേന്ദ്രസഹായത്തോടെ വിത്തുകൾ, ധാന്യങ്ങൾ, എണ്ണക്കുരുക്കൾ, എണ്ണപ്പനകൾ, ചോളം എന്നിവയുടെ സമഗ്ര വികസനത്തിനുള്ള പദ്ധതി	0.60
നഗരത്തിൽ ഒരു നാട്ടിൻപുറം പദ്ധതി	2.00
പുഷ്പക്കൃഷി കയറ്റുമതി മേഖലാ സ്ഥാപനം	5.00
ജൈവക്കൃഷി പ്രോത്സാഹനം	2.00
ആധുനിക കാർഷിക ലബോറട്ടറി സ്ഥാപനം	3.00
ആനമുടി, മതികെട്ടാൻ, പാമ്പാടുംചോല ദേശീയ പാർക്കുകളുടെ വികസനം	0.19
കുടപ്പനക്കുന്ന് മിനിസിവിൽസ്റ്റേഷൻ നിർമ്മാണം	2.60
സുനാമി ബാധിതമേഖലകളിലെ പുനരധിവാസ പുനർനിർമ്മാണ പദ്ധതി	61.10
സെക്കണ്ടറി, ഹയർസെക്കണ്ടറി സ്കൂളുകളിൽ ലൈബ്രറികളും ലാബോറട്ടറികളും ആരംഭിക്കുന്നതിനുള്ള പദ്ധതി	5.00
എഡ്യൂസാറ്റ് ഉപയോഗിച്ചുള്ള ടെലി ട്രെയിനിംഗ് പരിപാടി	5.00
സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്	3.00
സർക്കാർ കോളേജുകളിലെ ലൈബ്രറി, ലബോറട്ടറി വികസനം	1.00
തലപ്പാടി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി	5.00

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുവദിച്ച തുക അതാതു സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുമ്പ് വിനിയോഗിക്കണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

12(1288) ശ്രീ. മത്തായി ചാക്കോ:

ശ്രീ. എം. വി. ജയരാജൻ:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കൊണ്ടുവന്ന ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ?

(ബി) ഇതിനായി കൊണ്ടുവന്ന നിയമം നടപ്പിലാക്കിയതിനു ശേഷം സംസ്ഥാന സമ്പദ്ഘടനയുടെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) 2003-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത ആക്ടും കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ആക്ടും നിലവിൽ വന്നിട്ടും സംസ്ഥാന സർക്കാരിന് കടം വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കിക്കൊണ്ടും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായ വിധം കടത്തിന്റെ സ്ഥായിയായ മാനേജുമെന്റിലൂടെയും സർക്കാരിന്റെ ധനസംബന്ധമായ ഇടപാടുകളിലെ വർദ്ധിച്ച സുതാര്യതയിലൂടെയും ഒരു മിതകാല പദ്ധതിയിലൂടെ സാമ്പത്തിക നയം നടപ്പാക്കിക്കൊണ്ടും ദീർഘ വീക്ഷണത്തോടുകൂടിയ ധന മാനേജുമെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പു വരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്വവും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതാണ് ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി നിയമം.

(ബി) 2004-2005-ലെ അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ റവന്യൂ കമ്മി 2003-2004-ൽ ജി.എസ്സ്.ഡി.പി.-യുടെ 4.08% ആയിരുന്നത് 2004-2005-ൽ 3.66% ആയി കുറഞ്ഞു. റവന്യൂ കമ്മി 2003-2004-ൽ റവന്യൂ വരുമാനത്തിന്റെ 31.15%-വും റവന്യൂ ചെലവിന്റെ 23.15% ആയിരുന്നത് 2004-2005-ൽ യഥാക്രമം 27.24%വും 21.41%വും ആയി കുറഞ്ഞു. 2003-2004-ൽ കടം 6392 കോടി യോളം രൂപ വർദ്ധിച്ചു. എന്നാൽ 2004-2005-ൽ വർദ്ധനവ് 4403 കോടി രൂപയുടേതായിരുന്നു. സംസ്ഥാനത്തിന്റെ ധനകമ്മി 2003-2004-ൽ ജി.എസ്സ്.ഡി.പി.-യുടെ 6.14% ആയിരുന്നത് 2004-2005-ൽ 4.45% ആയി കുറഞ്ഞു. 2003-2004-ൽ പലിശ ബാദ്ധ്യത

LIBRARY ARCHIVES Kerala Legislative Assembly